**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 143** **04-10-2021 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെഇ- ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തി ലെ കുടുംബാരോഗ്യ കേന്ദ്രങ്ങളായ മാടപ്പള്ളി, പായിപ്പാട് എന്നിവിടങ്ങളിൽ ഇ-ഹെൽത്ത് നടപ്പിലാക്കി കഴിഞ്ഞു. കൂടാതെ, തൃക്കൊടിത്താനം കുടുംബാരോഗ്യ കേന്ദ്രത്തിൽ നടന്നു കൊണ്ടിരിക്കുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇ - ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയു. |
| (ബി) | ഇ-ഹെൽത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ആശുപത്രിക്കും എത്ര തുക അനുവദിച്ചുവെന്നും തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | (ബി) | ഒരോ ആശുപത്രിയുടെയും വലുപ്പം പ്രവർത്തന സജ്ജമായ കെട്ടിടങ്ങൾ, നൽകി വരുന്ന സേവനങ്ങൾ എന്നിവ യുടെ അടിസ്ഥാനത്തിൽ ഒരോ വിഭാഗത്തിലും വരുന്ന ആശുപത്രികളിലും ആവശ്യമായി വരുന്ന തുകയുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. ആയതി നാൽ പദ്ധതി നിർവഹണത്തിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് ഒരോ ആശുപത്രിക്കും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടാണ് ഇ-ഹെൽത്ത് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. എന്നിരുന്നാലും ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/ കുടുംബാരോഗ്യകേന്ദ്രങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും ജനറൽ/ ജില്ലാ ആശുപത്രികൾക്ക് 1.85 കോടി രൂപയും വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ